നഷ്ടപ്പെട്ട വിശ്വാസം പുനരുദ്ധരിക്കുകയാണ് ഇന്ദിരാഗാന്ധിയുടെ മുമ്പിലുള്ള ഏററവും പ്രധാനമായ വെല്ലുവിളി. ഈ വെല്ലുവിളിയെ ഇന്ദിരാഗാന്ധി എങ്ങനെ നേരിടുന്നു എന്നു കാണാൻ ജനങ്ങൾ ഉററു നോക്കിയിരിക്കുകയാണ്. കാരണം, ഇപ്പോഴും കോൺഗ്രസ്സാണ് ഇന്ത്യയിലെ ഏററവും വലിയ രാഷ്ട്രീയശക്തി. അതു നന്മയ്ക്കോ, തിന്മയ്ക്കോ എന്ന കാര്യത്തിലേ അഭിപ്രായവ്യത്യാസമുള്ളു.

(22 ജനുവരി, 1984)

# 42. ഒരു സാമുദായികലഹളയുടെ പാഠങ്ങൾ

നബിദിനാഘോഷത്തോടനുബന്ധിച്ച് ഡിസംബർ 28–ാം തീയതി ആലപ്പുഴയിലും തുടർന്നു കേരളത്തിലെ പല സ്ഥലങ്ങളിലുമുണ്ടായ അസുഖകരങ്ങളായ അനുഭവങ്ങൾ നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. പോലീസുകാരും ഒരു ജനവിഭാഗവും തമ്മിലുള്ള ഏററുമുട്ടൽ എന്ന നിലയിൽനിന്നു വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിലുള്ള ഏററുമുട്ടൽ എന്ന നിലയിലേക്ക് ഈ സംഭവങ്ങൾ വളർന്നില്ല എന്നതു് ആശ്വാസകരം തന്നെ. രാഷ്ട്രീയപ്പാർട്ടികൾക്കിടയിലുള്ള കയ്യാംകളികളല്ലാതെ, വ്യത്യസ്ത മത–ജാതിവിഭാഗങ്ങൾ പരസ്പരം ഏററുമുട്ടുന്ന കലാപങ്ങൾ കേരളത്തിൽ ഭാഗ്യവശാൽ അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ല. എങ്കിലും, അസ്വസ്ഥമായ ഇന്നത്തെ അന്തരീക്ഷത്തിൽ സംഗതികൾ ഏതു വഴിക്കു തിരിയുമെന്ന് ആർക്കും പറയാനാവില്ല. കാടു് ഉണങ്ങി നിൽക്കുകയാണ്; കാററ് എങ്ങോട്ടായിരിക്കുമെന്ന് അറിയാനൊരു മാർഗവുമില്ല. അതിനാൽ കത്തിച്ച ചൂട്ടുംകൊണ്ടു നടക്കുന്നവർ പരമാവധി ശ്രദ്ധിച്ചേ തീരൂ.

ഈ സന്ദർഭത്തിൽ ബറോഡയിൽ ഈയിടെ നടന്ന സാമുദായികലഹള നമുക്കൊരു പാഠമായിരിക്കേണ്ടതാണ്. പതിമൂന്ന് ആളുകളെങ്കിലും ഈ ലഹളയിൽ കുത്തേററും മററും മരിച്ചു. കോടിക്കണക്കിന് രൂപ വിലവരുന്ന കടകളും മററു സ്വത്തുക്കളും കൊള്ളയടിക്കപ്പെട്ടും തീയെരിക്കപ്പെട്ടും നശിച്ചു. 'സംസ്കാര 'നഗരം' എന്നറിയപ്പെട്ട, വിദ്യാഭ്യാസത്തിലും കലകളിലും മുൻപന്തിയിൽ നിന്ന, ബറോഡയിലാണു കാടത്തത്തിന്റെ ഈ ബീഭത്സതാണ്ഡവം നടമാടിയതു് എന്ന വസ്തുത പ്രത്യേകിച്ചും നാം മനസ്സിലാക്കേണ്ടതുണ്ട്.

ബറോഡയിൽ യഥാർത്ഥത്തിൽ നടന്നതെന്താണ്? അതു മനസ്സിലാക്കാൻ ഒരു മാർഗവുമില്ല. സാമുദായികലഹളകൾ നടക്കുമ്പോൾ പൊതുവെ ഒരുതരം സെൻസർഷിപ്പ് നിലവിൽ വരാറുണ്ട്. കഴപ്പങ്ങൾ മൂർച്ഛിപ്പിച്ചെങ്കിലോ എന്നു കരുതി വാർത്താപ്രസിദ്ധീകരണത്തിൽ പരമാവധി നിയന്ത്രണം പാലിക്കപ്പെടുന്നു. ഇതിനെത്തുടർന്നു സത്യവുമായി ഒരു ബന്ധവുമില്ലാത്ത കിംവദന്തികൾ പ്രചരിക്കുന്നു. എല്ലാം കഴിഞ്ഞു് സർക്കാർ ഒരു ജൂഡീഷ്യൽ അന്വേഷണം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുമ്പോഴേക്കും വർഷങ്ങൾ കഴിഞ്ഞിരിക്കും. അതിനാൽ, ബറോഡയിലെ സംഭവങ്ങളെ സംബന്ധിച്ച പത്രങ്ങളിൽ അവിടവിടെക്കാണുന്ന വാർത്താശകലങ്ങളിൽനിന്നു ചില ഊഹങ്ങളിലെത്താമെന്നേയുള്ളു.

ജസ്പാൽസിംഹ് എന്ന ഒരു പോലീസ്കമ്മീഷണറെ സ്ഥലം മാററാനുണ്ടായ കല്പനയുടെ നേരിട്ടുള്ള ഫലമാണ് ബറോഡയിലെ സാമുദായികലഹള എന്ന് ഡിസംബർ 27–ലെ 'ഹിന്ദു'വിൽ അവരുടെ

പ്രത്യേക ലേഖകൻ അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. മൂന്നു മാസം മുമ്പാണ് യുവാവായ ഈ ഐ. പി. എസ്. ഓഫീസറെ ബറോഡയിൽ കമ്മീഷണറായി നിയമിച്ചത്. ചാർജെടുത്ത് ഏറെ ദിവസം കഴിയുംമുമ്പ് ജസ്പാൽസിംഹ് ബറോഡയിലെ എം. എസ്. യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികളുടെ ആരാധനാപാത്രമായി.

കഴിഞ്ഞ ഒക്ടോബറിൽ, മൊഹറവും നവരാത്രിയും ഒരേ ദിവസങ്ങളിലായിരുന്നു. മൊഹറം സംബന്ധിച്ച മുസ്ലിങ്ങളുടെ ഘോഷയാത്ര ബറോഡയിൽ പുറപ്പെട്ടത് ഹിന്ദു–മുസ്ലിംമൈത്രിയുടെ വാചാലങ്ങളായ പ്രകടനങ്ങളോടെയാണ്. പക്ഷേ, തെമ്മാടികളുടെ ഇടപെടൽകാരണം, ഘോഷയാത്രയ്ക്കിടയിൽ ചില തകരാറുകളുണ്ടായി. പോലീസ് കമ്മീഷണറുടെ പേരിൽ നേരിട്ടു കുററം ചാരിയില്ലെങ്കിലും, മുസ്ലിങ്ങൾ അന്നത്തെ പോലീസിന്റെ നിഷ്ക്രിയത്വത്തിൽ അമർഷംകൊണ്ടു. ബറോഡ കോർപ്പറേഷനിലെ അഞ്ചു മുസ്ലിം അംഗങ്ങൾ ഈ കുഴപ്പങ്ങളിൽ പ്രതിഷേധിച്ച് കോർപ്പറേഷനിലെ അംഗസ്ഥാനം രാജിവച്ചു. സാമുദായികലഹളകൾക്കു സ്ഥിരമായി പ്രതിവിധി കാണാൻ, കൂടുതലും യുവജനങ്ങൾ അടങ്ങിയ ഒരു 'മുസ്ലിം ആക്ഷൻ കമ്മിററി' രൂപവൽക്കരിക്കപ്പെട്ടു. പ്രാദേശിക മുസ്ലിം നേതാക്കൾ ഒരു പ്രതിഷേധ–ഉപവാസ–റിലേ നടത്തി. സ്വാഭാവികമായും ഹിന്ദുക്കൾക്കിടയിലും ഇതിനു പ്രതികരണങ്ങളുണ്ടായി.

സ്ഥിതിഗതികൾ ഇങ്ങനെ തുടർന്നുവരവേ, നവംബറിൽ, ഹിന്ദുക്കളുടെ മതപരമായ ഒരു എഴുന്നള്ളിപ്പ് ബറോഡയിൽ നടന്നു. ഇതിനു പോലീസുകാർ കമ്മീഷണറുടെ നേതൃത്വത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ എല്ലാവരുടെയും പ്രശംസയാർജിച്ചു. പതിന്നാലു മണിക്കൂറുകൾ നീണ്ടുനിന്ന ഈ എഴുന്നള്ളിപ്പ് ഒരു കുഴപ്പവും കൂടാതെ ഹിന്ദുക്കളും മുസ്ലിങ്ങളും വെവ്വേറെയും ഇടകലർന്നും പാർക്കുന്ന ഇടങ്ങളിൽക്കൂടി കടന്നുപോയി. ഈ എഴുന്നള്ളിപ്പിന്റെ അത്ഭുതപൂർവമായ വിജയത്തിൽ സന്തുഷ്ടരായ ഹിന്ദുക്കൾ, ആ വിജയത്തിന്റെ ശില്പി എന്നു കരുതപ്പെട്ട പോലീസ് കമ്മീഷണറെ ആരാധിക്കുകതന്നെചെയ്തു. ബൊക്കേകളും പൂമാലകളും അനുമോദനപ്രസംഗങ്ങളും, ജസ്പാൽസിംഹിന്റെമേൽ വർഷിച്ചു.

മുമ്പു പറഞ്ഞ മുസ്ലിം ആക്ഷൻ കമ്മിററിയുടെ പ്രകടനങ്ങൾ ഇതോടൊപ്പം തീവ്രരൂപം കൈക്കൊണ്ടു. ഇവയ്ക്കു നേതൃത്വം വഹിച്ചിരുന്ന ഡോ. ബന്ദോകീവാല എന്നൊരാളെ ദേശീയസുരക്ഷാനിയമം ഉപയോഗിച്ചു തടങ്ങലിൽ വയ്ക്കണമെന്നു പോലീസ് കമ്മീഷണർ കരുതി. ഇതിനു ഗാന്ധിനഗറിലെ പോലീസ് ഡയറക്ടർ ജനറലിന്റെ അനുവാദം ജസ്പാൽസിംഹ് ആവശ്യപ്പെട്ടു. ആഭ്യന്തരമന്ത്രിയോടു ചോദിക്കാനാണ് ഡയറക്ടർ ജനറൽ പറഞ്ഞത്. ബറോഡ ഉൾപ്പെട്ട ഗുജറാത്തിൽ ഇന്ദിരാകോൺഗ്രസ് കക്ഷിയാണു ഭരണം നടത്തുന്നത്. പ്രബോധ്റാവൽ എന്നൊരാളാണ് ആഭ്യന്തരമന്ത്രി. ബന്ദോകീവാലയെ തടങ്ങലിൽ വയ്ക്കുംമുമ്പ് മുഖ്യമന്ത്രിയുടെ അനുവാദം വാങ്ങണമെന്ന് ആഭ്യന്തരമന്ത്രി പോലീസ്കമ്മീഷണറോടു പറഞ്ഞു. മുഖ്യമന്ത്രി മാധവസിംഹ് സോലങ്കിയെ സമീപിച്ച ജസ്പാൽസിംഹനോടു ക്ഷമിച്ചിരിക്കാനാണ് അദ്ദേഹം പറഞ്ഞത്. ഇതിനിടയിൽ ബറോഡനഗരത്തിലെ സാമുദായികാന്തരീക്ഷം വഷളായി. സമാധാനലംഘനക്കുററം ചുമത്തി ഡോ. ബന്ദോകീവാലയെ താഴേക്കിടയിലുള്ള ഒരു പോലീസ് ഓഫീസർ അറസ്റ്റ്ചെയ്തു.

അപ്പോഴേക്കു ബറോഡയിലെ മേയറായ ജതീൻമോഡിയും പോലീസ് കമ്മീഷണറും തമ്മിൽ അസ്വരസം മറെറാരുവശത്തു് വളർന്നുവന്നി

രുന്നു. പോലീസ് കമ്മീഷണർ തന്നെ അവഗണിക്കുന്നു എന്ന തോന്നൽ കോൺഗ്രസ് (ഐ)ക്കാരനായ മേയർക്കു മുമ്പേ ഉണ്ടായിരുന്നു. നഗരത്തിലെ പച്ചക്കറിമാർക്കററിൽ ലോറികൾ പകൽസമയത്തു് കടക്കുന്നതിൽ ചില ട്രാഫിക്നിയന്ത്രണങ്ങൾ പോലീസ് ഏർപ്പെടുത്തി. ഒരു കോൺഗ്രസ് (ഐ) എം. എൽ. എ. ഉൾപ്പെടെ ഏതാനും കോൺട്രാക്ടർമാർക്കു് ഇതിൽ പ്രതിഷേധമുണ്ടായിരുന്നു. ഒടുവിൽ ഈ വഴക്കിൽ ഒരു മന്ത്രി ഇടപെട്ടു; പച്ചക്കറിമാർക്കററിലെ ട്രാഫിക്നിയന്ത്രണം നീക്കിക്കളഞ്ഞു. ഈ വഴക്കുകൾ കാരണം, ജസ്പാൽസിംഹനു് ഉടൻ സ്ഥലംമാററം കൊടുക്കുന്നതിനു മുസ്ലിങ്ങളും ഇന്ദിരാകോൺഗ്രസ്സുകാരും ഗവണ്മെൻറിൽ നിർബന്ധം ചെലുത്തി.

പോലീസ് കമ്മീഷണറോടുള്ള വിരോധത്തിനു പിന്നിൽ വ്യാപകമായ മറെറാരു കാരണവും ഉണ്ടായിരുന്നു. 'ഹിന്ദു' പത്രത്തിൽനിന്നു് ഉദ്ധരിക്കാം:

'ബറോഡയിലെ പ്രശ്നം മൗലികമായി ഉത്ഭവിക്കുന്നതു് സമൂഹത്തിൻെറ 'അധോലോക'ത്തിലുള്ള സംഘടനകളിൽനിന്നും മാത്സര്യങ്ങളിൽനിന്നുമാണു്. കള്ളച്ചാരായം വാററി ലക്ഷക്കണക്കിനു തൊഴിലാളികൾക്കു വില്ക്കുകയും, 'മാന്യന്മാർക്കു'വേണ്ടി മികച്ചതരം വിസ്കി കള്ളക്കടത്തായി നഗരത്തിൽ കൊണ്ടുവന്നിറക്കുകയുംചെയ്യുന്നവരാണു് ഈ 'അധോലോകം'. അവരുടെ പ്രവർത്തനം അതിവിപുലമാണു്. സൂര്യൻ അസ്തമിക്കുന്നതോടെ വീപ്പകളും, അന്നു രാത്രി വേണ്ട കള്ളച്ചാരായം (ഹൂച്) നിറച്ച ചെറിയ പോളിത്തീൻസഞ്ചികളുംകൊണ്ടു് ഇവരുടെ പല സംഘങ്ങൾ പല പ്രദേശങ്ങളിലും പരക്കുന്നു. ഇടപാടുകാർ ധാരാളം; വ്യാപാരം കെങ്കേമം. പക്ഷേ, കുഴപ്പമുണ്ടാകുന്നു. കുഴപ്പമുണ്ടാകുന്നതു് പോലീസുകാർ ഇടയ്ക്കു് ഇടപെടുന്നതുമൂലമല്ല; കള്ളച്ചാരായം വില്പനക്കാരുടെ പരസ്പരമത്സരങ്ങൾ മൂലമാണു്. ഒരു 'സ്ഥാപനത്തിൻെറ' വില്പനക്കാരൻ ചിലപ്പോൾ മറെറാരു 'സ്ഥാപന'ത്തിൻെറ അധികാരാതിർത്തിയിൽ കടന്നു കച്ചവടം നടത്തുന്നു. ചിലപ്പോൾ ഒരു വ്യാപാരിയുടെ ഏജൻറു് പഴയ യജമാനനെ വിട്ടു് സ്വന്തമായി വ്യാപാരം ആരംഭിക്കുന്നു. ചിലപ്പോൾ ഒരു ഏജൻറു് ശത്രുപക്ഷം ചേരുന്നു. ഇതെല്ലാം ഏററുമുട്ടലുകളിൽ കലാശിക്കുന്നു. വാക്കേററമായി തുടങ്ങിയതു് അക്രമത്തിൽ എത്തിച്ചേരുന്നു. ബറോഡയിലെ പ്രധാന കള്ളച്ചാരായസ്ഥാപനങ്ങളിൽ ഒന്നു് ഒരു ഹിന്ദുവിൻേറതാണു്; മറെറാന്നു് ഒരു മുസ്ലിമിൻെറയും. ഇതിൻഫലമായി, അക്രമം എങ്ങനെ തുടങ്ങിയാലും, അതു് മൂക്കുമ്പോഴേക്കും, അതിനു് ഒരു സാമുദായികകലഹത്തിൻെറ ഛായ കൈവരുന്നു. കുഴപ്പം തുടങ്ങിയതു് എന്തിനു് എന്ന വസ്തുത ആരും ഓർക്കുന്നില്ല. അതിൻെറ സാമുദായികമുഖപ്പുമാത്രം നിലനില്ക്കുന്നു.

ഈ ബിസിനസ്സിൽ ഒരുപാടു പണമുണ്ടു്. സംരക്ഷകർക്കു വാരിക്കോരി കൊടുത്താലും പിന്നെയും ഒട്ടേറെ ബാക്കി വരും. സംരക്ഷകരായ പോലീസുകാർക്കും മററുള്ളവർക്കും കള്ളച്ചാരായക്കാർ നൽകുന്ന പണത്തിൻെറ കണക്കു് ബറോഡ കോർപ്പറേഷനിലെ ഒരംഗം ഏതാനും മാസംമുമ്പു് പരസ്യപ്പെടുത്തുകയുണ്ടായി. അമ്പരപ്പിക്കുന്ന കണക്കാണു്. കള്ളച്ചാരായക്കാരുടെ പ്രവർത്തനമേഖലയിൽ നിയമനം കിട്ടാൻ ഇടത്തരം—താഴ്ന്നതരം പോലീസുദ്യോഗസ്ഥന്മാർക്കിടയിൽ നിരന്തരമായ മത്സരം നടക്കുന്നു. വൻതുകകൾ കൈക്കൂലി കൊടുത്താണു് ഇത്തരം സ്ഥാനങ്ങളിൽ നിയമനം നേടുന്നതു്. അധികാരസ്ഥാനങ്ങളിൽ പിടിപാടുണ്ടെന്നു് അവകാശപ്പെടുന്ന പ്രാദേശികരാഷ്ട്രീയക്കാർ ഈ നിയമനങ്ങളിൽ താല്പര്യമെടുക്കുകയും സ്വന്തം ആളുകൾക്കു് ഇത്തരം സ്ഥലങ്ങളിൽ നിയമനം വാങ്ങിക്കൊടുക്കുകയുംചെയ്യുന്നു. തങ്ങളുടെ തലതൊട്ട

പ്പന്മാർ ആരെല്ലാമെന്ന് കള്ളവാററുകാർക്ക് അറിയാം. അവരുടെ എല്ലാ ആവശ്യങ്ങളും കള്ളവാററുകാർ നിർവഹിച്ചുകൊടുക്കുന്നു. രാഷ്ട്രീയക്കാർക്ക് വേണ്ടതു് രണ്ടു കാര്യങ്ങളാണ്. റാലികളിൽ ആൾക്കൂട്ടം; തെരഞ്ഞെടുപ്പുകൾക്ക് പണം. ഒരുകൂട്ടം രാഷ്ട്രീയക്കാരും ഒരു വിഭാഗം പോലീസുകാരും അധോലോകത്തിലെ നേതാക്കളും തമ്മിൽ ഇങ്ങനെ ഒരു കൂട്ടുകെട്ടു നിലവിലിരിക്കുന്നു. ബറോഡയിൽ ആഡംബരവും മാദകത്വവും നിറഞ്ഞ കോക്ക്ടെയ്ൽ പാർട്ടികൾ കുറവല്ല. രാഷ്ട്രീയത്തിലും ഭരണത്തിലും പിടിപാടുള്ളവർ ഈ പാർട്ടികളിൽ ഒത്തുകൂടുന്നു. മുമ്പു പറഞ്ഞ ത്രികോണക്കൂട്ടുകെട്ട് ഉറപ്പിക്കാൻ ഈ കുടിപ്പാർട്ടികളും സഹായിക്കുന്നു. ഭരണകക്ഷിയിലെ ഭിന്നിപ്പുകൾ ഈ രംഗത്തിനു് ഒരു പുതിയ മാനം നൽകുന്നു. സ്വന്തം താല്പര്യങ്ങൾക്കായി സാമൂഹ്യവിരുദ്ധരും സാമുദായികവാദികളും ഈ ഭിന്നിപ്പുകളെ അങ്ങേയററം ചൂഷണംചെയ്യുന്നു.

'എന്തും അനുവദിക്കുന്ന ഒരു പ്രത്യേക സംസ്കാരം ബറോഡയിൽ വേരൂന്നിയിരിക്കുന്നു. അന്നന്നത്തെ പ്രശ്നങ്ങളെ നേരിടാൻ രാഷ്ട്രീയ സംവിധാനത്തിനോ, ഭരണസംവിധാനത്തിനോ കഴിവില്ലെന്ന നില വന്നുചേർന്നിരിക്കുന്നു. തങ്ങളുടെ കൈവശമുള്ള മാംസപേശികളുടെ ശക്തിയും പണത്തിന്റെ ശക്തിയുംമൂലം അധോലോക നേതാക്കൾ വളരെയേറെ കരുത്തു് ആർജിച്ചിരിക്കുന്നു. അവരുടെ അന്യോന്യമത്സരങ്ങൾ ഇളക്കിവിടുന്ന സാമുദായികവികാരങ്ങളും അതുപോലെതന്നെ കരുത്തുള്ളവയാണ്. അവ നാൾക്കുനാൾ കൂടുതൽ കരുത്തു നേടുകയും ചെയ്യുന്നു. ഇവയ്ക്കെതിരേ, പോലീസും കോടതികളും ദുർബലങ്ങളായിരിക്കുന്നു. ഭരണത്തിന്റെ മററു ഘടകങ്ങൾ ചിതറിപ്പോയിരിക്കുന്നു. രാഷ്ട്രീയനേതൃത്വം ചേരി തിരിഞ്ഞു തമ്മിലടിക്കുന്നു. ഇതു നിമിത്തം പിരിമുറുക്കങ്ങൾ അയവില്ലാതെ തുടരുന്നു. കുഴപ്പങ്ങൾ ആവർത്തിക്കുന്നു; വിഭജനവാസനകൾ പെരുകി വരുന്നു.' (ഹിന്ദു, ഡിസംബർ 27)

ബറോഡയിലെ ജനസംഖ്യയിൽ പത്തു ശതമാനം മുസ്ലിങ്ങളാണ്. —ഏഴര ലക്ഷത്തോളം. ഇവരുടെ ഒരു സാമുദായികസംഘടനയായ മജ്‌ലിസ്—എ—മുഷാവരാത്തിന്റെ ജനറൽ സെക്രട്ടറി പ്രധാനമന്ത്രിക്കു സമർപ്പിച്ച ഒരു നിവേദനത്തിൽ, ബറോഡയിലെ സാമുദായികലഹളകളുടെ കാരണം കള്ളച്ചാരായക്കാരും പോലീസും സീനിയർ കോൺഗ്രസ് (ഐ) നേതാക്കളും തമ്മിലുള്ള ബന്ധമാണെന്നു പറഞ്ഞിരുന്നു. (ഹിന്ദു, ഡിസംബർ 29)

ഇതിനെതിരെ കോൺഗ്രസ് (ഐ) നേതാക്കൾ പറയുന്നതു് എതിർപാർട്ടിക്കാരും ബറോഡയിലെ സാമുദായികകലാപകാരികളും തമ്മിൽ അവിശുദ്ധമായ കൂട്ടുകെട്ടു നിലവിലിരിക്കുന്നു എന്നാണ്. ഡൽഹിയിൽ ജനതാപാർട്ടിയുടെ ജനറൽ സെക്രട്ടറി ഷഹാബുദീൻ എം.പി.ക്കു് ബറോഡയിൽ എന്തെങ്കിലും ചെറുസംഭവമുണ്ടായാലുടനെ കലാപകാരികൾ കമ്പികൊടുക്കും. ഷഹാബുദീൻ ഉടനെ നാല്പത്തഞ്ചു മുസ്ലിം എം. പി. മാരുമായി ടെലഫോണിൽ ബന്ധപ്പെടും. ഈ നാല്പത്തഞ്ചു് എം. പി.മാരും അപ്പോൾത്തന്നെ പ്രധാനമന്ത്രിയെയും ആഭ്യന്തരമന്ത്രി പി. സി. സേഠിയെയും ടെലഫോണിൽ വിളിക്കും. ഫലം, ബറോഡ കത്തിയെരിയുകയാണെന്ന ധാരണ നാട്ടിലെങ്ങും ഉളവായിത്തീരുന്നു.

ജമായത്തേ ഇസ്ലാമിയേ ഹിന്ദ്, മജ്‌ലിസ് എമുഷാവരാത്ത്, തബ്‌ലീകീ ജമാത്ത് സംഘടനകൾ ചേർന്നു് ബറോഡയിൽ എട്ടു് ഏക്കർ സ്ഥലത്തു് ഒരു കോടി ഇരുപതുലക്ഷം രൂപ ചെലവാക്കി ഒരു 'ഇസ്ലാമിക' സ്റ്റഡിസെൻറർ' പണിതുവരുന്നുണ്ടു്. മുപ്പത്തഞ്ചു് ഏക്കർ സ്ഥലംകൂടി വികസനത്തിനായി ഇവർ വാങ്ങിയിട്ടുണ്ടു്. ഗൾഫ് പണത്തിന്റെ സഹായത്തോടെ നാട്ടിലുടനീളം ഇത്തരം സ്ഥാപനങ്ങൾ

ഉയരുവാൻപോവുകയാണെന്ന സംശയം ഹിന്ദുക്കളിൽ ഉളവായിട്ടുണ്ടത്രേ. മീനാക്ഷിപുരത്തു നടന്നതുപോലുള്ള കൂട്ടായ മതപരിവർത്തനങ്ങളെ ഹിന്ദുക്കൾ ഭയപ്പെടുന്നു. എന്നാൽ, പിന്നോക്കം നില്ക്കുന്ന മുസ്ലിം വിഭാഗങ്ങൾക്കിടയിൽ സാങ്കേതികവിദ്യാഭ്യാസം പ്രചരിപ്പിക്കുകയാണ് ഇസ്ലാമിക് സ്റ്റഡിസെൻററിന്റെ ലക്ഷ്യമെന്ന് അതിന്റെ ട്രസ്റ്റികൾ വ്യക്തമാക്കിയിട്ടുണ്ട്. വിദേശങ്ങളിൽനിന്നു തങ്ങൾക്കു കിട്ടുന്ന സഹായത്തിന്റെ മുഴുവൻ കണക്കും റിസർവ് ബാങ്കിന് അറിയാമെന്നും അവർ പറയുന്നു. (ഹിന്ദു, ഡിസംബർ 29)

ഈ പശ്ചാത്തലത്തിനെതിരെ വച്ചുവേണം പോലീസ് കമ്മീഷണർ ജസ്പാൽസിംഹനും ഗുജറാത്തിലെ രാഷ്ട്രീയനേതൃത്വവും തമ്മിലുള്ള വടംവലിയെ കാണുക.

ഡിസംബർ ആദ്യവാരത്തിൽ ഗുജറാത്ത് മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും ഉയർന്ന ചില ഉദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കോൺഫറൻസിൽ വച്ചു പോലീസ് കമ്മീഷണർ ജസ്പാൽസിംഹനെ ബറോഡയിൽനിന്നു മാററാൻ തീരുമാനിച്ചു. മൂന്നു ദിവസം കഴിഞ്ഞ് ആഭ്യന്തരവകുപ്പു സെക്രട്ടറി പോലീസ് കമ്മീഷണറെ വിളിച്ച് ഈ വിവരം അറിയിച്ചു. പോലീസ് കമ്മീഷണർക്ക് എതിരെ യാതൊരു ആരോപണവുമില്ലെന്നും, അന്തസ്സു പാലിക്കാനായി അദ്ദേഹത്തിനു ലീവിൽ പ്രവേശിക്കുകയും ലീവു കഴിഞ്ഞാൽ നിയമനത്തിന് ഇഷ്ടമുള്ള സ്ഥലം നിർദേശിക്കുകയും ആവാമെന്നും ആഭ്യന്തരവകുപ്പു സെക്രട്ടറി പറഞ്ഞുവത്രേ. പക്ഷേ, പോലീസ് കമ്മീഷണർ അങ്ങനെ ഒഴിഞ്ഞുപോകാൻ ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ബറോഡയിൽ തിരിച്ചെത്തുംമുമ്പേ, ഈ സ്ഥലംമാററത്തിനെതിരെ സർവ്വകലാശാലാവിദ്യാർത്ഥികൾ അവിടെ പ്രകടനം ആരംഭിച്ചുകഴിഞ്ഞിരുന്നു. സ്ഥലംമാററം നിർത്തിവയ്ക്കുന്ന ഒരു ഉത്തരവ് ഹൈക്കോടതിയിൽനിന്നു സമ്പാദിച്ച്, രണ്ടു ദിവസം കഴിഞ്ഞ് ജസ്പാൽസിംഹ് പോലീസ് ഡയറക്ടർ ജനറലിനെ സമീപിക്കുമ്പോഴേക്കു മറെറാരാൾ ബറോഡയിലെ പോലീസ് കമ്മീഷണർ ആയി ചാർജെടുത്തിരുന്നു. ഇതിനിടയ്ക്കു രണ്ടു ദിവസം, ഡിസംബർ 13,14 എന്നീ തീയതികളിൽ, ബറോഡനഗരത്തിൽ നീളെ ലഹളകളായിരുന്നു. പോലീസിന്റെ പൊടിപോലും അവിടെയെങ്ങും കണ്ടിരുന്നുമില്ല.

ഇപ്പോഴോ? ഇതെഴുതുമ്പോൾ, ഡിസംബർ 30—ാം തീയതി ബറോഡ ശാന്തമാണ്. പിരിമുറുക്കം, പക്ഷേ, അയഞ്ഞിട്ടില്ല. റയിൽവേസ്റ്റേഷനടുത്ത്, പോലീസ് കമ്മീഷണറുടെ ഔദ്യോഗികവസതിയിൽ ജസ്പാൽസിംഹ് താമസിച്ചുവരുന്നു. താനാണ് ഇപ്പോഴും ബറോഡയിലെ പോലീസ് കമ്മീണഷർ എന്നാണ് അദ്ദേഹത്തിന്റെ വാദം. പുലർച്ചമുതൽ സന്ധ്യവരെ സന്ദർശകർ, അധികവും വിദ്യാർത്ഥികൾ, അദ്ദേഹത്തെ കാണാൻ വരുന്നു. അവർ അദ്ദേഹത്തിനു മാലകളും ബൊക്കെകളും കൊടുക്കുന്നു. അദ്ദേഹം അവരുടെ ആട്ടോഗ്രാഫ്പുസ്തകങ്ങളിൽ ഒപ്പിട്ടുകൊടുക്കുന്നു. 'ഞങ്ങൾക്കു ജസ്പാൽസിംഹനെ വേണം' എന്ന മുദ്രാവാക്യത്തോടെ സർവകലാശാലാവിദ്യാർത്ഥികൾ തെരുവുകളിൽ പ്രകടനം നടത്തുന്നു.

ഒരിക്കലും തിരിച്ചുകിട്ടാത്ത പതിമൂന്നു പൗരന്മാരുടെ ജീവനും, കോടിക്കണക്കിനുരൂപ വിലവരുന്ന സമ്പത്തും സമുദായസൗഹാർദത്തിന്റെപേരിൽ മുമ്പ് ഉണ്ടായിരുന്ന സൽപ്പേരും നഷ്ടപ്പെട്ട ബറോഡനഗരമാകട്ടെ അതിന്റെ മുറിവുകൾ നക്കിക്കൊണ്ടും മുരണ്ടുകൊണ്ടും കിടക്കുന്നു. ആ നഗരത്തിന്റെ പ്രകടമായ ബാഹ്യരൂപത്തിനിടയിൽ, ഇന്ത്യയിലെ എല്ലാ നഗരങ്ങളുടെയും എല്ലാ ഗ്രാമങ്ങളുടെയും ബാഹ്യരൂ

പത്തിനടിയിലെന്നപോലെ, അധോലോകത്തിന്റെ ശക്തികൾ നിഗ്രഹാനുഗ്രഹശക്തിയോടെ പഴയപോലെ വാഴ്ച നടത്തുകയും ചെയ്യുന്നു.

കേരളത്തിലെ സ്ഥിതിയും ഇതിൽനിന്നു വളരെയൊന്നും വ്യത്യസ്തമല്ലെന്നു് ആലപ്പുഴയിലെ നമ്പിടിനാനുഭവങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.

(30 ഡിസംബർ, 1982)

# 43. പ്രാദേശികതയുടെ വിജയം

ജനുവരി ആദ്യവാരം നടന്ന ഇടക്കാല തെരഞ്ഞെടുപ്പുകളിൽ ഇന്ദിരാ കോൺഗ്രസ്സ് അമ്പേ തോററിരിക്കുന്നു.

ത്രിപുര, കർണാടകം, ആന്ധ്രപ്രദേശം എന്നീ മൂന്നു സ്റ്റേററുകളിലാണല്ലോ ഇത്തവണ തെരഞ്ഞെടുപ്പു നടന്നതു്. ഇവയിൽ ത്രിപുരയിൽ ഇന്ദിരാകോൺഗ്രസ്സിന്റെ പരാജയം അപ്രതീക്ഷിതമല്ല. അവിടെ ഭരണംനടത്തിക്കൊണ്ടിരുന്ന മാർക്സിസ്റ്റ് പാർട്ടി ഒരിക്കൽക്കൂടി അധികാരത്തിൽ വരുമെന്ന വിശ്വാസം എല്ലാവർക്കും ഉണ്ടായിരുന്നു. മുമ്പു ത്രിപുരയിലെ നിയമസഭയിൽ കടക്കാൻപോലും കഴിയാതിരുന്ന ഇന്ദിരാകോൺഗ്രസ്സിനു് ഏതാനും സീററുകൾ, ഒരു പ്രാദേശികപാർട്ടിയായ ത്രിപുര ഉപജാതി സമിതിയുടെ സഹായത്തോടെയാണെങ്കിലും, കൈവന്നു എന്നതുതന്നെ ഇത്തവണത്തെ വലിയ നേട്ടമായി കരുതാം.

എന്നാൽ, തങ്ങളുടെ ശക്തിദുർഗമായിരുന്ന കർണാടകത്തിലെ പരാജയം ഇന്ദിരാകോൺഗ്രസ്സിനു താങ്ങാനാവാത്ത ആഘാതമാണു്. അതുപോലെ, ഇന്നോളം കോൺഗ്രസ്സ് അല്ലാതെ മറെറാരു പാർട്ടിയും ഭരിച്ചിട്ടില്ലാത്ത ആന്ധ്രപ്രദേശിൽ കോൺഗ്രസ്സിനു കിട്ടിയ അടിയാകട്ടെ, അവരുടെ ആജന്മശത്രുക്കൾപോലും പ്രതീക്ഷിച്ചിരുന്നതുമല്ല. ഈ തോൽവികൾക്കു് ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും വമ്പിച്ച പ്രത്യാഘാതം താമസിയാതെ ഉണ്ടാകുമെന്നാണു കരുതേണ്ടതു്.

അടിയന്തരാവസ്ഥയ്ക്കുശേഷം നേരിട്ട തോൽവിയിൽനിന്നു്, ഒന്നു രണ്ടു വർഷങ്ങൾക്കകം, ഇന്ദിരാകോൺഗ്രസ്സ് പൂർവാധികം ശക്തിയോടെ ഉയിർത്തെഴുന്നേൽക്കുകയുണ്ടായി. അടിയന്തരാവസ്ഥക്കാലത്തു ചെയ്തുപോയ ഏതാനും തെററുകൾക്കു നാട്ടുകാർ നൽകിയ ശിക്ഷയാണു് ഇന്ദിരാകോൺഗ്രസ്സിന്റെ അന്നത്തെ പരാജയം. ഇന്നാകട്ടെ ഇന്ദിരാകോൺഗ്രസ്സിന്റെ ഏതാനും തെററുകളെയല്ല, ആ പാർട്ടിയുടെ അടിസ്ഥാനനയങ്ങളെത്തന്നെയാണു് ആന്ധ്രപ്രദേശക്കാർ പൂർണമായും കർണാടകക്കാർ വമ്പിച്ച ഭൂരിപക്ഷത്തോടെയും തള്ളിക്കളഞ്ഞതു്. ഈ വ്യത്യാസം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണു്.

ഈ ഇടക്കാലതെരഞ്ഞെടുപ്പിനു സാധാരണയിൽക്കവിഞ്ഞ പ്രാധാന്യം ഇന്ദിരാഗാന്ധി കല്പിച്ചിരുന്നു. ഒരു പ്രധാനമന്ത്രിയും ചെയ്യാത്ത വിധത്തിൽ, അത്രയധികം ദിവസം തലസ്ഥാനം വിട്ടു് ഇന്ദിരാഗാന്ധി ആന്ധ്രപ്രദേശിലും കർണാടകത്തിലും താമസിച്ചു; മിക്കവാറും എല്ലാ നിയോജകമണ്ഡലങ്ങളിലും നടന്നു പ്രസംഗിച്ചു; സ്ഥാനാർത്ഥികൾക്കും പ്രാദേശികനേതാക്കൾക്കുപോലുമില്ലാത്ത താല്പര്യത്തോടെ, വോട്ടർമാരെ നേരിട്ടു സമീപിച്ചു സഹായമഭ്യർത്ഥിച്ചു. തെരഞ്ഞെടുപ്പിന്റെ വമ്പിച്ച